# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 391 — 11.06.2013 ൽ മറുപടിക്ക്

## ട്രെയിനുകളിലെ സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ട്രെയിനുകളിൽ നിന്നുള്ള മാലിന്യങ്ങൾ റെയിൽ പാളത്തിൽ നിക്ഷേപിക്കുന്നതുമൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ടെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാലിന്യങ്ങൾ ട്രെയിനിൽ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുവാൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുമോ; | (എ) | ഉണ്ട്. ട്രെയിനുകളിൽ ബയോടൊയ്ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കൊച്ചുവേളി - ബാംഗ്ലൂർ ട്രെയിന്റെ മുഴുവൻ കോച്ചുകളിലും ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ട്രെയിൻ മണിക്കൂറിൽ മുപ്പത് കിലോമീറ്റർ വേഗതയ്ക്ക് മേൽ മാത്രം മാലിന്യം പുറത്തേക്ക് വിടുന്ന Controlled discharge toilet കളും റയിൽവേയുടെ പരിഗണനയിലുണ്ട്. |
| (ബി) | ട്രെയിനുകളിൽ വെള്ളം നിറയ്ക്കാനുപയോഗിക്കുന്ന സംവിധാനം നിരീക്ഷിച്ചിട്ടുണ്ടോ ; | (ബി) യും (സി) യും | ഓവർഹെഡ് ടാങ്കുകളിൽ നിന്നും ഉയരത്തിൽ സ്ഥാപിച്ചിട്ടുള്ള പ്രത്യേക പൈപ്പുകൾ മുഖേനയാണ് ട്രെയിനുകളിൽ വെള്ളം (carriage water) നിറയ്ക്കുന്നത്. ഇതിനായുള്ള ഹൈഡ്രന്റുകൾ പ്രധാന സ്റ്റേഷനുകളിലെ പ്ലാറ്റ്ഫോമുകളിലും മെയിന്റനൻസ് യാർഡുകളിലും ലഭ്യമാണ്. അതിനാൽ ട്രാക്കിലെ മാലിന്യം കാര്യേജ് വെള്ളത്തിൽ കലരില്ല. കൂടാതെ റെയിൽവേ സ്റ്റേഷനുകളിലേയും യാർഡിലേയും ട്രാക്കുകൾ കൃത്യമായി ശുചീകരിക്കുകയും ട്രാക്കുകൾ എല്ലാ ദിവസവും പരിശോധിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | റെയിൽവേ ട്രാക്കുകളിലെ മാലിന്യം വെള്ളത്തോടൊപ്പം കലരാനുള്ള സാധ്യത ഒഴിവാക്കാൻ സജീവ ശ്രദ്ധ പുലർത്തുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ